ഉത്തരം

(എ) നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിന് സഹകരണ ആശുപത്രികൾക്ക് ധനസഹായം നൽകാൻ പദ്ധതി നിലവിലില്ല.

(ബി) ഈ സാമ്പത്തിക വർഷത്തിൽ സഹകരണ ആശുപത്രികൾക്ക് കെട്ടിടം പണിയുന്നതിന് സഹായം നൽകുന്നതിന് തുകയൊന്നും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടില്ല. അടുത്ത സാമ്പത്തികവർഷത്തിൽ അത്തരം പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലാണ്.

ഗ്രാമീണ ആശുപത്രികൾ

283 [336] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഗ്രാമീണ ആശുപത്രികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കിയിട്ടുണ്ട് ;

(ബി) ഗ്രാമീണ ആശുപത്രികൾക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കിയിട്ടില്ലാത്ത പഞ്ചായത്തുകളെത്ര ;

(സി) ഇവയെ സംബന്ധിച്ച് എന്തു നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 60 ഗ്രാമീണ ആശുപത്രികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. 44 ആശുപത്രികൾക്ക് കെട്ടിടനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

(ബി) 246.

(സി) 27-10-1975-ലെ ഗവൺമെന്റ് സർക്കുലർ നമ്പർ 50067/ജി2/75/ഹെൽത്ത് മുഖേന സ്ഥലവും കെട്ടിടവും ഉടനെതന്നെ നൽകണമെന്നും അല്ലാത്തപക്ഷം ഡിസ്പെൻസറിയുടെ പ്രവർത്തനം നിർത്തുന്നതിന് സർക്കാർ നിർബന്ധിതമാകുമെന്നും എല്ലാ പഞ്ചായത്തുകളെയും അറിയിച്ചിട്ടുണ്ട്.

കുടുംബാസൂത്രണ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിന്റെ ടാർജറ്റ്

284 [337] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബാസൂത്രണ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിന്റെ ടാർജറ്റ് എത്രയാണ് ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കെന്ത് ;

(സി) ഇതിനകം ഓരോ ജില്ലയിലും എത്ര ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട് ?

ഉത്തരം

(എ, ബി, സി) ഉത്തരം ഭരണവിഭാഗമായി കൊടുത്തിട്ടുണ്ട്. †

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly